(സി) വനം ആസ്ഥാനത്ത് സേവനം അനുഷ്ഠിച്ച ഒരു ലീഗൽ അസിസ്റ്റന്റിന് Type-II ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ട്. ടിയാൻ മാതൃലാവണത്തിലേയ്ക്ക് (Law Secretariat) 16-10-2015-ൽ മടങ്ങിപ്പോയിട്ടുള്ളതാണ്. അനുവദിച്ച ക്വാർട്ടേഴ്സ് ഒഴിഞ്ഞിട്ടില്ല.

(ഡി) വനം വകുപ്പിന്റെ ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിന് സംവരണ മാനദണ്ഡങ്ങൾ നിലവിലില്ല. സംവരണ വിഭാഗങ്ങൾക്ക് മുൻഗണന കൊടുക്കുന്നതിനാണ് വ്യവസ്ഥയുള്ളത്. ഓരോ കേസിന്റെയും മെരിറ്റിന്റെ അടിസ്ഥാനത്തിൽ ക്വാർട്ടേഴ്സ് അനുവദിച്ച് നൽകാറുണ്ട്.

(ഇ) ഒരെണ്ണം.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കർഷകരുടെ ഭൂമി വനം വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച്

274 (3786) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയോട് ചേർന്നു കിടക്കുന്ന കർഷകരുടെ ഭൂമി വനം വകുപ്പ് ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കർഷകരിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് ഭൂമി ഏറ്റെടുക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) വനഭൂമിയോട് ചേർന്നുകിടക്കുന്ന എല്ലാ കർഷക ഭൂമിയും സർക്കാർ ഇ.എഫ്.എൽ.ആയി ഏറ്റെടുക്കാറില്ല. എന്നാൽ ഇ.എഫ്.എൽ. ആക്ടിന്റെ സെക്ഷൻ 15 പ്രകാരമുള്ള മാനദണ്ഡമനുസരിച്ച് ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ള പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂപ്രദേശങ്ങൾ ഉപദേശക സമിതിയുടെ ശിപാർശ അനുസരിച്ച് സെക്ഷൻ (4) പ്രകാരം ഏറ്റെടുക്കാൻ വ്യവസ്ഥയുണ്ട്.

(ബി) ഇത്തരത്തിൽ ലഭിച്ച ചില ശിപാർശകൾ ഉപദേശക സമിതിയുടെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കർഷകരിൽനിന്നും അപേക്ഷകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല

(ഡി) ഇ.എഫ്.എൽ. ആക്ടിലെ സെക്ഷൻ 4, 8, 15 എന്നിവയിൽ പ്രഖ്യാപിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഇ.എഫ്.എൽ. ഭൂമി ഏറ്റെടുക്കുന്നത്.

ശബരിമലയിലെ വികസന പ്രവർത്തനങ്ങൾ

275(3787) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രവൃത്തികൾക്കാണ് കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമായിട്ടുള്ളത്; ഇതിൽ ഏതെല്ലാം പ്രവൃത്തികളുടെ അനുമതിക്കായാണ് കത്ത് നൽകിയിട്ടുള്ളത്; കത്ത് നൽകിയവയ്ക്ക് എത്ര മറുപടിയാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്; ഇവയുടെ തുടർനടപടികൾ ഏതുവരെയായി എന്ന് വിശദമാക്കുമോ;

(ബി) ശബരിമലയിൽ കുടിവെള്ളം എത്തിക്കുന്ന കുന്നാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ പ്രസ്തുത അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി വൈകാനുള്ള കാരണം വ്യക്തമാക്കുമോ; പ്രസ്തുത അനുമതിക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ ;

(സി) പമ്പയിൽ അയ്യപ്പ ഭക്തർക്കായി നിർമ്മിക്കുന്ന ടോയ്ലറ്റ് ബ്ലോക്കിന് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ശബരിമലയിലെ വികസന പ്രവർത്തനങ്ങൾക്ക് എത്ര ഭൂമി വിട്ടുനൽകണമെന്നാണ് ദേവസ്വം ബോർഡ് വനം വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുന്നത്; ഇതിന്റെ നടപടികൾ ഏതു ഘട്ടത്തിലാണ്; എന്തൊക്കെ നടപടികളാണ് ഭൂമി വിട്ടുലഭിക്കാൻ വേണ്ടതെന്നു വിശദമാക്കുമോ?

ഉത്തരം

(എ) ശബരിമലയിൽ ലീസ്ഡ്/ഡൈവേർട്ട് ചെയ്ത സ്ഥലത്ത് ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം അംഗീകാരമുള്ള പ്രവർത്തനങ്ങൾക്ക് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല. പ്രസ്തുത പ്രദേശത്തിനുപുറത്ത് പെരിയാർ ടൈഗർ റിസർവ്വിന്റെ ഭാഗമായ റിസർവ് വനത്തിനുള്ളിലുള്ള പ്രവർത്തനങ്ങൾക്കാണ്

LIBRARY ARCHIVES Kerala Legislative Assembly